കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ലൈഫ് മിഷൻ - സമ്പൂർണ്ണ ഭവന പദ്ധതി - ശ്രീ.സി.പി. സുനിൽ, പെർഫോർമൻസ് ആഡിറ്റ് സൂപ്പർവൈസർ, പി.എ.യു-3, മല്ലപ്പള്ളി യെ ലൈഫ് മിഷൻ പത്തനംതിട്ട ജില്ലാ കോ-ഓർഡിനേറ്ററായി ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ(സാധാ)നം. 2200/2018/തസ്വഭവ തിരുവനന്തപുരം, തീയതി:09.08.2018

വായന:- 1. 12.06.2018 ലെ 10/2017 ലൈഫ് നമ്പർ നോട്ടിഫിക്കേഷൻ

2. ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടിവ് ഓഫീസറുടെ 16/07/2018 ലെ എൽ.എഫ്.10/2017/ലൈഫ് നമ്പർ കത്ത്.

## ഉത്തരവ്

പരാമർശം (1) പ്രകാരം ലൈഫ് മിഷൻ ജില്ലാ കോ-ഓർഡിനേറ്റർ (പത്തനംതിട്ട) തസ്തികയിലേക്ക് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കുന്നതിന് വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ യോഗ്യരായ ഉദ്യോഗാർത്ഥികൾക്ക് 09-07-2018-ന് നടത്തിയ അഭിമുഖ പരീക്ഷയിൽ ശ്രീ.സി.പി.സുനിൽ, പെർഫോർമൻസ് ആഡിറ്റ് സൂപ്പർവൈസർ, പി.എ.യു-3, മല്ലപ്പള്ളി ഈ തസ്തികയ്ക്ക് അനുയോജ്യനാണെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ടിയാനെ ലൈഫ് മിഷൻ പത്തനംതിട്ട ജില്ലാ കോ-ഓർഡിനേറ്ററായി ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കണമെന്ന് പരാമർശം (2) പ്രകാരം ലൈഫ് മിഷൻ സി.ഇ.ഒ അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പത്തനംതിട്ട ജില്ലയിലെ മല്ലപ്പള്ളി പെർഫോർമൻസ് ആഡിറ്റ് സൂപ്പർവൈസറായ( പി.എ.യു-3, ) ശ്രീ.സി.പി. സുനിലിനെ ലൈഫ് മിഷൻ പത്തനംതിട്ട ജില്ലാ കോ-ഓർഡിനേറ്ററായി നിലവിലുള്ള നിയമങ്ങൾക്കും നിബന്ധനകൾക്കും വിധേയമായി ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കുന്നതിന് അനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
പാറ്റ്സി സ്റ്റീഫൻ
ജോയിന്റ് സെക്രട്ടറി

സി.ഇ.ഒ, ലൈഫ് മിഷൻ
ശ്രീ.സി.പി.സുനിൽ, പെർഫോർമൻസ് ആഡിറ്റ് സൂപ്പർവൈസർ, പി.എ.യു-3, മല്ലപ്പള്ളി.
സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
തദ്ദേശ സ്വയം ഭരണ (ഡി എ) വകുപ്പ്
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ